# ‘അലംഭാവത്തോടുകൂടിയ ദൈവഭക്തി’

## 1 തിമൊഥെയോസ് 6:6-8

“അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക.”

നാം ആയിരിക്കുന്ന ഈ ലോകത്തിൽ നമുക്ക് ലഭ്യമായിരിക്കുന്ന എല്ലാവിധ മാധ്യമങ്ങളിലൂടെയും നമ്മെ പഠിപ്പിക്കുന്നത് ജീവിതത്തിൽ യഥാർത്ഥ സന്തോഷമെന്നു പറയുന്നത് ഒരുവൻ അവനാൽ സാധ്യമാം വിധം വളരെയധികം പണം/സ്വത്തു സമ്പാദിക്കുന്നതോ, തങ്ങളുടേതായ ഒരു സാമ്രാജ്യം കെട്ടുപ്പടുക്കുന്നതിലൂടെയോ, സമൂഹത്തിൽ ഒരു മുഖ്യസ്ഥാനം വഹിക്കുന്നതിലൂടെയോ അതുമല്ലെങ്കിൽ ഉയർന്ന വിദ്യാഭ്യാസം നേടുന്നതിലൂടെയോ ഒക്കെയാണ് എന്നാണ്. അവിടെയാണ് ദൈവവചനം നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നത്, (ഫിലിപ്പിയർ 4:7) **“സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുവേശുവിങ്കൽ കാക്കും.”** ഇങ്ങനെയായിരിക്കണം ഒരു ദൈവപൈതൽ യഥാർത്ഥ സന്തോഷം കണ്ടെത്തേണ്ടത്.

നാം ഒരുപക്ഷെ പലതിനെ ചൊല്ലിയും വിചാരപ്പെട്ട് നേട്ടങ്ങൾ കൊയ്യാൻ നെട്ടോട്ടമോടിക്കൊണ്ടിരിക്കുകയായിരിക്കും. അതിനിടയിൽ പലതു നേടുകയും എന്നാൽ നേടുന്നതിലധികമായി നഷ്ടപ്പെടുത്തിക്കളയുവാനും ഇടയായെന്നുവരാം. എന്നാൽ ദൈവത്തെ അടുത്തറിയുക വഴി അവന്റെ സമാധാനം നമ്മുടെ ജീവിതത്തിൽ അനുഭവിപ്പാൻ സാധിച്ചാൽ അതുമാത്രം മതി നമ്മുടെ ജീവിതത്തിന്നു പൂർണ്ണത കൈവരാൻ. അതു നമ്മെ നിത്യമായ സന്തോഷത്തിലേക്കും, സമാധാനത്തിലേക്കും നയിക്കും. നാം ജീവിതത്തിൽ സമ്പാദിക്കുന്നതോ, നല്ലൊരു ജോലി കണ്ടെത്തുന്നതോ, ഉയർന്ന വിദ്യാഭ്യാസം നേടുന്നതൊ ഒന്നും ജീവിതത്തിൽ ഒരു പാപമല്ല. എന്നാൽ ജീവിതത്തിൽ ദൈവത്തിന്നു കൊടുക്കേണ്ടുന്ന പ്രഥമസ്ഥാനം നാം നമ്മുടെ ജീവിതത്തിൽ ഇവയ്ക്കോരോന്നിനും കൊടുക്കുമ്പോൾ അതു പാപമായി മാറുന്നു. കാരണം ഈ നല്ലവനായ ദൈവം നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നവൻ തന്നെയാണ്. നാം ഇന്നു ജീവിക്കുന്നതു തന്നെ അവന്നു നമ്മോടു തോന്നിയ അലിവിന്റെയും, കരുണയുടെയും, സ്നേഹത്തിന്റെയും ഒരു പ്രതീകമാണ്..

ജീവിതത്തിൽ, ദൈവത്തിന്നു മുൻഗണന കൊടുക്കുമ്പോൾ നമുക്ക് ലഭിക്കുന്ന സന്തോഷവും സംതൃപ്തിയുമൊന്നും നമ്മുടെ ജീവിതത്തിൽ മറ്റൊന്നിനും നൽകുവാൻ കഴിയില്ല. **മത്തായി 6:31-33**ൽ ഇപ്രകാരം പറയുന്നു **'ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.''**

അങ്ങനെയെങ്കിൽ നാം ഇനിയും നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും സംതൃപ്തിയും ലഭിക്കുന്നതിന്നു വേണ്ടി അലയുകയാണോ? അതു നിങ്ങൾ കർത്താവിലല്ലാതെ മറ്റെന്തെങ്കിലും തരത്തിലാണു കണ്ടെത്തുന്നതെങ്കിൽ അതു വ്യർത്ഥമാണെന്ന് വചനം പറയുന്നു. **സഭാപ്രസംഗി 1:14** **'സൂര്യന്നു കീഴെ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ടു; അവയൊക്കെയും മായയും വൃഥാപ്രയത്നവും അത്രേ.''** കർത്താവിൽ നിന്നു ലഭിക്കുന്ന സന്തോഷവും സമാധാനവും സംതൃപ്തിയും നിത്യമായതും ഘനമായതും ആണ്. പക്ഷെ അതു നാം അവനെ അറിഞ്ഞ്, അവനിൽ വിശ്വസിച്ച്, അവനെ സ്വീകരിച്ച് നമ്മുടെ ജീവിതത്തെ അവന്നായി മറ്റിവെയ്ക്കുന്നെങ്കിൽ മാത്രം, നിത്യം നമ്മുടെ ജീവിതത്തിൽ ദൈവത്തിന്നു പ്രഥമസ്ഥാനം കൊടുക്കുന്നെങ്കിൽ മാത്രം അവൻ നമ്മുടെ ജീവിതത്തിൽ ഇവയെല്ലാം അളവില്ലാതെ തന്നനുഗ്രഹിക്കും. അതിന്നായി നമുക്കൊരുങ്ങാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**
**ഫിലിപ്പിയർ 4:4**

**"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു"**

ബ്രദർ. ബിനു ബേബി ആലപ്പുഴ 086